"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - ഈഞ്ചക്കൽ - ശ്രീവരാഹം - അട്ടക്കുളങ്ങര റോഡ് വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് പൊന്നുംവില നിയമം സെക്ഷൻ 28 എ പ്രകാരമുള്ള അവാർഡ് തുക കക്ഷിയായ ശ്രീ. കെ. ശ്രീനാഥിന് റിലീസ് ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു..

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.1694/2024/LSGD തീയതി, തിരുവനന്തപുരം, 13-09-2024**

---

പരാമർശം:-

1. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 20.10.2023-ലെ എസ്.1/909/2021/ട്രിഡ നമ്പർ കത്ത്.
2. 08/05/2024 ലെ സ.ഉ.(സാധാ) നം.816/2024/ത.സ്വ.ഭ.വ
3. 04/07/2024 ലെ സ.ഉ. (സാധാ) നം.5273/2024/ധന

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ഈഞ്ചക്കൽ - ശ്രീവരാഹം - അട്ടക്കുളങ്ങര റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ പേട്ട വില്ലേജിൽ സർവ്വെ നം. 1284/1-1 (L.A.Sy.No.1284/9)-ൽ ഉൾപ്പെട്ട 00.50 ആർസ് സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് പൊന്നുംവില സെക്ഷൻ 28 എ പ്രകാരം കക്ഷിയായ ശ്രീ. കെ. ശ്രീനാഥ് സമർപ്പിച്ച അപേക്ഷയിൽ തിരുവനന്തപുരം ജില്ലാ കളക്ടർ പാസ്സാക്കിയ അവാർഡ് തുകയായ 37,54,885/- (മുപ്പത്തിയേഴ് ലക്ഷത്തി അമ്പത്തിനാലായിരത്തി എണ്ണൂറ്റിഎൺപത്തിയഞ്ച് രൂപ മാത്രം) അനുവദിക്കണമെന്ന് തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി പരാമർശം (1) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2) തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ഈഞ്ചക്കൽ - ശ്രീവരാഹം - അട്ടക്കുളങ്ങര റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് പൊന്നുംവില നിയമം സെക്ഷൻ 28 എ പ്രകാരമുള്ള അപേക്ഷയിന്മേൽ തിരുവനന്തപുരം ജില്ലാ കളക്ടർ പാസ്സാക്കിയ അവാർഡ് തുകയായ 37,54,885/- (മുപ്പത്തിയേഴ് ലക്ഷത്തി അമ്പത്തിനാലായിരത്തി എണ്ണൂറ്റിഎൺപത്തിയഞ്ച് രൂപ മാത്രം) കക്ഷിയായ ശ്രീ. കെ. ശ്രീനാഥിന് അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം ഭരണാനുമതി നൽകി ഉത്തരവാകുകയും പരാമർശം (3) പ്രകാരം 4217-60-800-93- Payment of Compensation in LAR Caes (Plan Charged) എന്ന ശീർഷകത്തിൽ 37,55,000/- രൂപ അധികധനാനുമതിയായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

3) മേൽ പ്രകാരമുള്ള ഭരണാനുമതി ഉത്തരവിന്റെയും അധിക ധനാനുമതിയുടെയും അടിസ്ഥാനത്തിൽ ഈഞ്ചക്കൽ - ശ്രീവരാഹം - അട്ടക്കുളങ്ങര റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ പേട്ട വില്ലേജിൽ സർവ്വെ നം. 1284/1-1 (L.A.Sy.No.1284/9)-ൽ

ഉൾപ്പെട്ട 00.50 ആർസ് സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് പൊന്നുംവില സെക്ഷൻ 28 എ പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർ പാസ്സാക്കിയ അവാർഡ് തുകയായ 37,54,885/- (മുപ്പത്തിയേഴ് ലക്ഷത്തി അമ്പത്തിനാലായിരത്തി എണ്ണൂറ്റിഎൺപത്തിയഞ്ച് രൂപ മാത്രം) '4217-60-800-93 (Plan)' എന്ന ശീർഷകത്തിൽ നിന്നും കക്ഷിയായ ശ്രീ. കെ. ശ്രീനാഥിന് (T.C.36/1790, 'ദേവികൃപ', വി.കെ.കെ. നഗർ, തിരുവനന്തപുരം -8) റലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

4). പരാമർശം (3) പ്രകാരം മേൽ ചെലവിന്റെ ക്രമീകരണത്തിലുള്ള ഉപധനാഭ്യർത്ഥന ശിപാർശ യഥാസമയം ലഭ്യമാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYAKUMARI P

**ജോയിന്റ് സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം
സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.
ശ്രീ. കെ. ശ്രീനാഥ്, T.C.36/1790, 'ദേവികൃപ', വി.കെ.കെ. നഗർ, തിരുവനന്തപുരം -8 (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ/ജി.എസ്.എസ്.എ/ ഇ& ആർ.എസ്.എ.) കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
സ്പെഷ്യൽ ഓഫീസർ, സി.ആർ.ഡി.പി., തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ &പി.ആർ.ഡി. (വെബ് & ന്യൂ മീഡിയ).
കരുതൽ ഫയൽ /ഓഫീസ് കോപ്പി (ആർ.ഇ1/147/2024/തസ്വഭവ).

ഉത്തരവിൻ പ്രകാരം

Signed by
Biju. B
Date: 13-09-2024 15:15:42

സെക്ഷൻ ഓഫീസർ